പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4370 | 17.12.2014- ൽ ഇടക്കാല മറുപടി നൽകിയിരുന്നത്. |

## കുറവിലങ്ങാട് താലൂക്ക് ആശുപത്രി നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇപ്പോൾ DHS-ൽ നിലവിലുള്ള PLA3/35490/ 2012 എന്ന ഫയലിന്റെ തുടർ നടപടി എന്ന രീതിയിൽ കോട്ടയം DMO ഓഫീസിൽ നിന്നും വിശദമായ പ്രൊപ്പൊസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ പി. എൽ. എ 3-35490/12 എന്ന ഫയൽ 04/05/2012-ൽ ബഹു. എം. എൽ. എ. ശ്രീ. മോൻസ് ജോസഫ് സർക്കാരിന് നൽകിയ നിവേദനത്തെ സംബന്ധിച്ചിട്ടുള്ളതാണ്. പ്രസ്തുത നിവേദനത്തിൽ, കുറവിലങ്ങാട് താലൂക്ക് ആശുപത്രിക്ക് കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകുന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും, പ്രസ്തുത പ്രൊപ്പോസലിൽ നടപടി എടുക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട് എന്നതിന് തെളിവായി, 29/10/2011-ലെ സർക്കാർ കത്ത് നം. 43986/ഇ 2/2011/ആകുവ. കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരുന്നു. 29/10/2011-ൽ സർക്കാർ ആവശ്യപ്പെട്ട പ്രൊപ്പോസൽ പി. എൽ. എ. 3-35490/12 എന്ന ഫയലിൽ ലഭ്യമല്ല. എന്നാൽ 29/01/2013-ലെ സി1-12230/2012 എന്ന നമ്പരിലുള്ള ജില്ലാ മെഡിക്കൽ ആഫീസറുടെ കത്തും ,50 ലക്ഷം രൂപയുടെ ഒരു കെട്ടിട നിർമ്മാണ പ്രൊപ്പോസലുമാണ് പി. എൽ. എ. 3-35490/2012 എന്ന ഫയലിൽ ഉണ്ടായിരുന്നത്. പ്രസ്തുത നിർമ്മാണ പ്രവൃത്തി നബാർഡ് ഫണ്ട് ഉപയോഗിച്ച് നടത്തപ്പെടേണ്ടതായതിനാൽ,ടി ഫയൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനിലേക്ക് കൈമാറുകയും ,പി. എൽ. ബി1-35490/12 എന്ന നമ്പറിൽ തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ സർക്കാർ ഉത്തരവ് നം (ആർ. റ്റി) 1767/2011/ആകുവ തീയതി 06/05/2011 പ്രകാരം ഭരണാനുമതി നല്കിയ 41.43 ലക്ഷം രൂപയുള്ള നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണം ഈ അവസരത്തിൽ ആരംഭിച്ചിരുന്നു.പ്രസ്തുത കെട്ടിടത്തിന്റെ |

| | | | |
|---|---|---|---|
| | | | വൈദ്യുതി, പ്ലംബിംഗ് എന്നീ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ,എന്നാൽ ജോലികൾ പൂർത്തീകരിച്ചതായി പി. ഡബ്ല്യു.ഡി-യിൽ നിന്നും അറിയിപ്പ് ലഭിക്കുകയോ കെട്ടിടം കൈമാറുകയോ ചെയ്തിട്ടില്ലായെന്ന്,12/12/2014-ലെ സി1-12230/2014 കത്ത് പ്രകാരം കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. 29/01/2013-ലെ സി1-12230/2012/ജി.മെ. ആ. നമ്പർ കത്തിൽ, 2011-ലെ സർക്കാർ കത്തിന്റെയോ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ മേലെഴുത്ത് നമ്പർ പി. എൽ. എ 3-35490/2012 തീയതി 05/09/2012-ന്റെയോ പരാമർശം ഇല്ല. മാത്രമല്ല കുറവിലങ്ങാട് താലൂക്കാശുപത്രിയിൽ നബാർഡ് ഫണ്ടുപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 06/05/2011-ൽ തന്നെനൽകിയിട്ടുമുണ്ടായിരുന്നു. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസിൽ നിന്നും മേൽ വിവരിച്ച പ്രകാരം നബാർഡ് പദ്ധതിയിലുൾപ്പെടുത്തുന്നതിനായി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 28/09/2012-ലെ സി1-12230/2012 എന്ന കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നു. എന്നാൽ, നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിന് ഇതിനോടകം ഭരണാനുമതി ലഭിച്ചതിനാൽ ഈ പ്രൊപ്പൊസലിൽ തുടർനടപടികൾ സ്വീകരിച്ചില്ല. |
| ബി) | ഈ പ്രൊപ്പൊസൽ DHS-ലേയ്ക്ക് അയയ്ക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ; | ബി) | നബാർഡ് ഫണ്ടുപയോഗിച്ചുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച പ്രൊപ്പൊസലിൽ കാലതാമസം ഉണ്ടായിട്ടില്ല. നബാർഡ് ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതിനാൽ,ഇക്കാര്യത്തിലുള്ള മറ്റൊരു പ്രൊപ്പോസൽ സംബന്ധിച്ച നടപടികൾ സ്വീകരിച്ചില്ല. |
| സി) | ഈ ഫയൽ എത്ര മാസം കൊണ്ട് കോട്ടയം DMO ഓഫീസിൽ ഇരിക്കുന്നു; ഇത്രയും കാലം ഈ ഫയൽ അകാരണമായി കൈവശം വച്ചതിന് പ്രസ്തുത ഉദ്യോഗസ്ഥനോട് വിശദീകരണം ചോദിക്കുമോ? | സി) | കുറവിലങ്ങാട് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**